# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4139 25.06.2014 - ൽ മറുപടിക്ക്

## മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസനഫണ്ടു പ്രയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | (എ) 1. ആനക്കയം പഞ്ചായത്തിലെ പന്തല്ലൂർ, കുഴിക്കാടൻകുന്ന് ഏരിയ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ട്.<br>2. പുൽപ്പറ്റ പഞ്ചായത്തിലെ വെള്ളാംകുന്നത്ത് ഏരിയ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കാനുണ്ട്.<br>3. പുൽപ്പറ്റ പഞ്ചായത്തിലെ കല്ലിടുമ്പ് ഏരിയ കുടിവെള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br>4. എ.ആർ.നഗർ പഞ്ചായത്തിലെ കുമൻചിന കുടിവെള്ളപദ്ധതി - 50 ലക്ഷം രൂപ - പ്രവൃത്തി പുരോഗതിയിലാണ്.<br>5. കോഡൂർ പഞ്ചായത്തിലെ കാലംപറമ്പ് കുടിവെള്ള പദ്ധതി - 100 ലക്ഷം - സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | വാട്ടർ അതോറിറ്റി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെന്നും അതിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ; | (ബി) മേൽ പ്രവൃത്തികളിൽ കോഡൂർ പഞ്ചായത്തിലെ കാലം പറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് മൂന്ന് പ്രവർത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്ന ഇത്തരം പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) | കാലതാമസം ഒഴിവാക്കി എത്രയും വേഗം എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ